# ഗാരബന്താൾ

**പി**ക്കോസ് ഡി യൂറോപ്പ്യ മലകൾക്കടുത്തുള്ള വടക്കൻ സ്പെയിനിലെ ഒരു ചെറിയ ഗ്രാമമാണ് ഗരബന്താൾ. അതിന്റെ മുഴുവൻ പേര് സെൻ സെബാസ്റ്റ്യൻ ഓഫ് ഗരബന്താൾ എന്നാണ്. സമുദ്രനിരപ്പിൽനിന്ന് 600 മീറ്റർ മുകളിൽ തലസ്ഥാന നഗരിയിൽ നിന്ന് 57 മൈൽ അകലെയായിരുന്നു അതിന്റെ സ്ഥാനം. അവിടെയെത്തണമെങ്കിൽ ചെറിയ റോഡുകൾ കയറിയിട്ടു വേണമായിരുന്നു. മുന്നൂറോളം ആളുകൾ മാത്രമെ അവിടെ താമസിച്ചിരുന്നുള്ളൂ. വളരെ ശാന്തമായ അന്തരീക്ഷമായിരുന്നു അവിടെ. അവിടുത്തെ പള്ളിയിൽ സ്ഥിരതാമസക്കാരനായി ഒരു വൈദികൻ ഇല്ലായിരുന്നു. അടുത്ത ടൗണിൽ നിന്നു വന്നിരുന്ന വൈദികനാണ് ഞായറാഴ്ച കുർബ്ബാന ചൊല്ലിയിരുന്നത്. അവിടെ ഒരു ഡോക്ടർ പോലും ഉണ്ടായിരുന്നില്ല.

1961 ജൂൺ 18ന് സന്ധ്യക്ക്, കൊൺജിത്ത ഗോൺസലേസ്, മരിയ ഡോളേഴ്സ് മാസൻ, ജസീന്ത ഗോൺസലേസ്, മരിയ ക്രൂസ് ഗോൺസലേസ് തുടങ്ങിയ നാലു പെൺകുട്ടികൾ ഒരുമിച്ച് കളിച്ചുകൊണ്ടിരിക്കുകയായിരുന്നു. മരിയ ക്രൂസിന്, പതിനൊന്നും ബാക്കിയുള്ളവർ പന്ത്രണ്ടു വയസ്സു പ്രായമായിരുന്നു. എല്ലാവരും ദരിദ്ര കുടുംബങ്ങളിൽ നിന്നുള്ളവരായിരുന്നു.

പെട്ടെന്ന് ഇടിവെട്ടിന്റേതുപോലെ ഒരു വലിയ ശബ്ദം അവർ കേട്ടു. നോക്കിയപ്പോൾ മുഖ്യ ദൂതനായ മിഖായേലിന്റെ പ്രകാശപൂർണ്ണമായ രൂപം അവർ കണ്ടു. തുടർന്നുള്ള ദിവസങ്ങളിലും മിഖായേൽ മാലാഖ അതേസ്ഥലത്തു തന്നെ പ്രത്യക്ഷപ്പെട്ടു. ജൂലായ് 2ന് അവർക്ക് പരിശുദ്ധ അമ്മയെ കാണാൻ സാധിക്കും എന്ന് മാലാഖ പ്രഖ്യാപിച്ചു. ഇതാണ് ഗാരബൻഡൽ സംഭവങ്ങളുടെ തുടക്കം.

### കാർമലിലെ നമ്മുടെ അമ്മ

ഈ വാർത്ത ദേശം മുഴുവൻ പെട്ടെന്ന് പരന്നു. ജൂലായ് 2 ഞായറാഴ്ചയായിരുന്നു. ടൗൺ മുഴുവൻ ആളുകളെ കൊണ്ട് നിറഞ്ഞു. ജില്ലക്ക് പുറത്തു നിന്നും ധാരാളം ആളുകൾ വന്നു. സമൂഹത്തിലെ എല്ലാ മേഖലകളിലും നിന്നുള്ളവർ അതിലുണ്ടായിരുന്നു. വൈദികരും ഡോക്ടർമാരും ഉണ്ടായിരുന്നു. സന്ധ്യക്ക് 6 മണിക്ക് മിഖായേൽ മാലാഖ പ്രത്യക്ഷപ്പെട്ട സ്ഥലത്തേക്ക് പെൺകുട്ടികൾ പോയി. ജനങ്ങളെ അതിശയിപ്പിച്ചുകൊണ്ട് പെൺകുട്ടികൾ ആനന്ദനിർവൃതിയിലാണ്ടു. രണ്ടു മാലാഖമാരുടെ അകമ്പടിയോടെയാണ് പരിശുദ്ധ അമ്മ വന്നത്. അതിൽ ഒരു മാലാഖ മിഖായേൽ ആയിരുന്നു. പെൺകുട്ടികൾ ആ ദർശനത്തെപ്പറ്റി ഇങ്ങനെ വിവരിക്കുന്നു. വെള്ളനിറത്തിലുള്ള ഉടുപ്പിട്ടിരുന്ന യുവതി സ്വർണ്ണനക്ഷത്രങ്ങളെ കൊണ്ടുള്ള കിരീടം ധരിച്ചിരുന്നു. മുടി ബ്രൗൺ നിറത്തിലുള്ളതും നടുഭാഗത്ത് വരയിട്ട് രണ്ടു ഭാഗത്ത് ചീകിയ നിലയിലുമായിരുന്നു. മുഖം നീളത്തിലുള്ളതും മൂക്ക് വളരെ ഭംഗിയുള്ളതുമായിരുന്നു. നല്ല ഉയരമുണ്ടായിരുന്നു. എന്തുകൊണ്ടും അവളെപ്പോലെ മറ്റൊരു സ്ത്രീ ഇല്ല. നമ്മുടെ യുവതി 'കാർമലിലെ നമ്മുടെ അമ്മയായി' സ്വയം സാക്ഷ്യപ്പെടുത്തി.

പെൺകുട്ടികൾ വളരെ സ്വാഭാവികമായ രീതിയിൽ തങ്ങളുടെ ജോലിയെക്കുറിച്ചും പുൽമേടുകളിൽ വരാറുള്ളതിനെക്കുറിച്ചുമെല്ലാം പരിശുദ്ധ അമ്മയോടു സംസാരിച്ചു. അവർ പറയുന്ന ചെറിയ കാര്യങ്ങൾക്കു പോലും പരിശുദ്ധ അമ്മ പുഞ്ചിരിച്ചിരുന്നു. തങ്ങളുടെ അമ്മമാരോട് സംസാരിക്കുന്നപോലെ തന്നോടു സംസാരിക്കുവാൻ പരിശുദ്ധ അമ്മ അവരെ അനുവദിച്ചു.

### കൂടുതൽ ദർശനങ്ങൾ

ആദ്യ ദർശനത്തിനുശേഷം വീണ്ടും പല ദർശനങ്ങളും ഉണ്ടായി. 1961, 1962ൽ ഓരോ ആഴ്ചയും പല തവണ പരിശുദ്ധ അമ്മ പ്രത്യക്ഷപ്പെട്ടു. നാലു കുട്ടികളും ഒരുമിച്ചായിരുന്നില്ല എല്ലാ ദർശനങ്ങളും കണ്ടത്. ചില സമയങ്ങൾ ഒരാളോ, ചിലപ്പോൾ രണ്ടാളോ, ചിലപ്പോൾ മൂന്നാളോ ഉള്ളപ്പോഴാണ് ദർശനങ്ങൾ ഉണ്ടായത്. എല്ലാം ഒരേ സമയത്തും ആയിരുന്നില്ല.

അതിരാവിലെയും സന്ധ്യയ്ക്കുമാണ് അധികവും ഉണ്ടായത്. എന്നിട്ടും പെൺകുട്ടികൾ പതിവായി രാവിലെ വരാറുള്ള സമയത്ത് വയലിൽ പണിക്കും, പുല്ലും, വിറകും, ശേഖരിക്കാനും, ആടിനെ മേയിക്കാനും വരാറുണ്ടായിരുന്നു.

ദർശനം കണ്ടമാത്രയിൽ പെൺകുട്ടികൾ പെട്ടെന്ന് മുട്ടിന്മേൽ നിൽക്കും. മൂർച്ചയുള്ള പാറക്കല്ലിൽ മുട്ടുരയുന്ന ശബ്ദം മറ്റുള്ളവർക്ക് കേൾക്കാം. എങ്കിലും അവരുടെ മുട്ടിൽ ഒരു മുറിവു പോലും ഉണ്ടായില്ല. അവരുടെ മുഖഭാവം പെട്ടെന്ന് മാറും, പിന്നെ മുഖത്തിന് രൂപാന്തരമുണ്ടാകുന്നപോലെ തോന്നും. അസാധാരണമായ സൗന്ദര്യം അവരിൽ ദൃശ്യമാകും. ഈ മാറ്റങ്ങൾ വിവരിക്കാൻ മതിയായ വാക്കുകളില്ല. ഏതോ ഒരു പ്രത്യേക ലോകത്താണ് അവരെന്ന് തോന്നിപ്പോകും. തീയോ, കാറ്റോ ഒന്നും അവർ അറിയില്ല. അവരുടെ ശ്രദ്ധ മാറ്റാൻ എത്ര ശ്രമിച്ചാലും പറ്റില്ല. വലിയ ശക്തിയുടെ പ്രകാശം അവരുടെ മുഖത്ത് കാണാം. ഇത്ര വലിയ പ്രകാശം മുഖത്തേക്കടിച്ചിട്ടും ഒന്ന് കണ്ണു ചിമ്മുക പോലും ചെയ്യാതെ അവർ ദർശനം കണ്ട് ഇങ്ങിനെ നിൽക്കും. ഇതെല്ലാം കഴിഞ്ഞ് ദർശനം അവസാനിക്കാറാകുമ്പോൾ അവർ സാധാരണ നിലയിലാകും. അപ്പോൾ അവർ ആ വെളിച്ചത്തിന്റെ പ്രകാശം സഹിക്കാൻ പറ്റാതെ കണ്ണ് അടയ്ക്കും.

ഈ ദർശനങ്ങൾ ചിലപ്പോൾ മിനിട്ടുകളും ചിലപ്പോൾ മണിക്കൂറുകളും തുടരും. ഈ സമയമത്രയും കുട്ടികൾ അനക്കമില്ലാതെ നിൽക്കുന്നതു കാണാം; ചിലപ്പോൾ പാറമേൽ മുട്ടുകുത്തി നിൽക്കുകയാകും, ചിലപ്പോൾ ചെരിപ്പു പോലും ഇടാതെ മഞ്ഞിൽ നിൽക്കുന്നതു കാണാം. ഇങ്ങനെയൊക്കെയായാലും ദർശനം കഴിയുമ്പോൾ ഒന്നും സംഭവിക്കാത്ത മട്ടിൽ അവർ സമാധാനത്തിലും, സന്തോഷത്തിലും ആയിരുന്നു.

### നിരീക്ഷകരുടെ പങ്കാളിത്തം

ദർശനം നിരീക്ഷിക്കാൻ വരുന്നവർ പല ഭക്തവസ്തുക്കളും, ബൈബിൾ, കൊന്ത, മെഡലുകൾ, കുരിശ്, വിവാഹമോതിരം ഇവയെല്ലാം പരിശുദ്ധ അമ്മയെ കൊണ്ട് ആശിർവദിപ്പിക്കാനായി കുട്ടികളെ ഏല്പിച്ചിരുന്നു. പരിശുദ്ധ അമ്മ അതിനെയെല്ലാം ചുംബിച്ച്, അനുഗ്രഹിച്ച് തിരിച്ച് കുട്ടികളെ ഏല്പിക്കുമായിരുന്നു. പരിശുദ്ധ അമ്മ പറഞ്ഞതനുസരിച്ച് എത്ര പേരുണ്ടായാലും ഈ വസ്തുക്കളുടെ ഉടമസ്ഥന്മാർക്ക് തെറ്റാതെ ഈ ഭക്തവസ്തുക്കൾ കുട്ടികൾ തിരിച്ചു നൽകിയിരുന്നു. അമ്മ ചുംബിച്ച് നൽകുന്ന വസ്തുക്കൾ വിശുദ്ധ വസ്തുക്കളായി കണക്കാക്കപ്പെട്ടിരുന്നു. താൻ ചുംബിച്ച് നൽകുന്ന വസ്തുക്കൾ മുഖാന്തിരം യേശു അത്ഭുതം പ്രവർത്തിക്കുമെന്ന് പരിശുദ്ധ അമ്മ പറഞ്ഞു. അത് ധരിക്കുന്നവരുടെ ശുദ്ധീകരണ അനുഭവം ഈ ലോകത്ത് വെച്ച് തന്നെ കഴിഞ്ഞുകിട്ടും എന്നും അമ്മ പറഞ്ഞു.

ദർശന സമയത്ത് കുട്ടികൾ വെഞ്ചരിച്ച കുരിശ് (പരിശുദ്ധ അമ്മ ചുംബിച്ച് നൽകിയത്) കൈയിൽ പിടിക്കാറുണ്ട്. അമ്മ പറഞ്ഞതനുസരിച്ച് ഇവർ ഈ കുരിശ് ജനങ്ങൾക്ക് മുത്താൻ കൊടുക്കുകയും, അതുകൊണ്ട് നിരീക്ഷകരെ ആശിർവദിക്കുകയും ചെയ്തു. തുടർന്ന് നിരീക്ഷകർക്കും വിവിധ അനുഭവങ്ങൾ ഉണ്ടായി. നാണം കൂടാതെ അവർ കണ്ണീർ പൊഴിക്കുകയും, തങ്ങൾക്കും ഉള്ളിന്റെ ഉള്ളിൽ അമ്മയുടെ സാന്നിദ്ധ്യം അനുഭവിക്കാൻ കഴിഞ്ഞു എന്ന് സാക്ഷ്യപ്പെടുത്തുകയും ചെയ്യാറുണ്ട്. പാപികൾ പലരും മാനസാന്തരപ്പെട്ടു. അവിശ്വാസികൾ വിശ്വാസത്തിലേക്കു കടന്നു വന്നു.

### പുതിയ പ്രതിഭാസം

പരിശുദ്ധ അമ്മയുടെ ദർശനം കിട്ടിയ ശേഷം പെൺകുട്ടികൾ ഗ്രാമം മുഴുവൻ ചിലപ്പോൾ നടക്കുന്നതു കാണാം. രാത്രിയും, പകലും ചിലപ്പോൾ നടക്കും. മുമ്പിലുള്ള തടസ്സങ്ങളൊന്നും അവരെ വീഴ്ത്തില്ല. കുത്തനെയുള്ള മലയുടെ അരികിലൂടെ അവർ ഓടുന്നതു കാണാം. കാഴ്ചക്കാർ പേടിച്ചു നിൽക്കുമ്പോൾ അവർ പിന്നോട്ടും ഭയം കൂടാതെ ഇങ്ങനെ ഓടുന്നതു കാണാം. അവരുടെ കയ്യിൽ കൊടുത്തയച്ചിരുന്ന ഭക്തവസ്തുക്കൾ ഓട്ടത്തിൽ പലപ്പോഴും നഷ്ടപ്പെടാറുണ്ട്. അടുത്ത തവണ പരിശുദ്ധ അമ്മയെ കാണുമ്പോൾ അതെല്ലാം എവിടെയാണെന്ന് അമ്മ അവർക്കു പറഞ്ഞു കൊടുക്കും.

## തിരുവോസ്തിയുടെ അത്ഭുതം

ഗ്രാമത്തിനു മുകളിൽ കുത്തനെയുള്ള ഒരു കുന്നുണ്ടായിരുന്നു. അവിടെ ഒമ്പതു പൈൻമരങ്ങൾ ഉണ്ടായിരുന്നു. പെൺകുട്ടികൾ പറയുന്നു – 'ഒരു ദിവസം ഒരു മാലാഖ പൈൻമരങ്ങൾക്കിടയിൽ പ്രത്യക്ഷപ്പെട്ടു. അവൻ കുമ്പസാരത്തിനുള്ള ജപം ചൊല്ലാൻ അവരോട് ആവശ്യപ്പെട്ടു. തുടർന്ന് മാലാഖ അവർക്ക് വിശുദ്ധ കുർബ്ബാന നൽകി. ഗാരബൻഡലിലേക്ക് കുറെ ദിവസങ്ങളിൽ വി. കുർബ്ബാനയ്ക്കായി വൈദികന് വരാൻ പറ്റാത്ത സമയമായിരുന്നു അത്. ഇങ്ങനെയുള്ള പല ദിവസങ്ങളിലും പെൺകുട്ടികൾക്ക് മാലാഖ വിശുദ്ധ കുർബ്ബാന നൽകിയിരുന്നു. വലിയ പ്രകാശമായിരുന്നു ഈ വിശുദ്ധ കുർബ്ബാനയ്ക്ക്. 1962 മെയ് 2ന് കോൺജിത്തയോട് പറഞ്ഞു. "ദൈവം ഒരു അത്ഭുതം പ്രവർത്തിക്കും. എല്ലാ ജനങ്ങൾക്കും അതു മൂലം വിശ്വാസമുണ്ടാകും. ഇത് സംഭവിക്കുന്നതിന് 15 ദിവസം മുമ്പ് അവൾക്ക് അറിവു കിട്ടി. അതനുസരിച്ച് 1962 ജൂലായ് 18ന് ടൗൺ മുഴുവൻ സന്ദർശകരെ കൊണ്ടു നിറഞ്ഞു. മുറിയിലായിരുന്ന അവൾ പെട്ടെന്ന് എന്തോ ഉൾപ്രേരണയാൽ തെരുവീഥിയിലേക്കിറങ്ങി. കുറച്ചു നടന്നപ്പോൾ അവൾ മുട്ടിന്മേൽ വീണു. ജനക്കൂട്ടം ചുറ്റുമുണ്ടായിരുന്നു. അവൾ അവളുടെ നാവു പെട്ടെന്ന് പുറത്തേക്കു നീട്ടി. അതിൽ ഒന്നുമുണ്ടായിരുന്നില്ല. ഇത് എല്ലാവരും കണ്ടു. മിനിട്ടുകൾക്കുള്ളിൽ വെള്ള ഓസ്തി അവളുടെ നാവിൽ പ്രത്യക്ഷപ്പെട്ടു. ബാഴ്സിലോനയിലെ വലിയൊരു വ്യവസായി ഡോൺ അലെജാൻഡ്രോ ഡാമിയൻസ് അവളുടെ തൊട്ടടുത്ത് നിന്നിരുന്നു. അദ്ദേഹം തന്റെ ക്യാമറയിൽ ഇതിന്റെ 79 ചിത്രങ്ങൾ എടുത്തു. അദ്ദേഹം ഇതിനെക്കുറിച്ച് ഒഷഴ റിപ്പോർട്ട് തയ്യാറാക്കി ചിത്രങ്ങൾ സഹിതം സാന്റൻഡറിലെ ബിഷപ്പിനു നൽകി.

തൊട്ടടുത്ത് നിന്നിരുന്ന കർഷകനായ ബെഞ്ചമിൻ ഗോമെസും ഇതിനെക്കുറിച്ച് ഇങ്ങനെ എഴുതുന്നു. "എന്റെ കൈയകലം ദൂരത്തിലായിരുന്നു അവൾ. ഒഴിഞ്ഞ അവളുടെ നാവിലേക്ക് വി. കുർബ്ബാന പ്രത്യക്ഷപ്പെടുന്നത് ഞാൻ കണ്ടു. പ്രകാശമുള്ള വി.കുർബ്ബാനയായിരുന്നു അത്. അവളുടെ മുഖം ആ സമയത്ത് ദൈവദൂതരെപോലെയായിരുന്നു. നാവും, കൈയും അനക്കാതെയാണ് അവൾ നിന്നിരുന്നത്. അനേകർ ഇതു കണ്ടിട്ടുണ്ട്. ഞാൻ അന്നുവരെ ഒരു അവിശ്വാസിയായിരുന്നു."

ഈ അത്ഭുതത്തിനുശേഷം ഇതിലും വലിയൊരു അത്ഭുതം ഉണ്ടാകും എന്നും പ്രവചിക്കപ്പെട്ടിരുന്നു.

## വരാൻ പോകുന്ന വലിയ അത്ഭുതം

കൊൺജിത്ത പറഞ്ഞു: "നമ്മുടെ പാപങ്ങൾക്ക് നാം അർഹിക്കുന്ന ശിക്ഷ വലിയ കഠിനമായതിനാൽ, അത്ഭുതങ്ങളും വലുതായിരിക്കണം." പരിശുദ്ധ അമ്മ വലിയൊരു അത്ഭുതം ഗാരബൻഡലിൽ ചെയ്യുമെന്ന് കൊൺജീത്തയോട് വാഗ്ദാനം ചെയ്തു. വി. കുർബ്ബാനയോട് ഭക്തിയുള്ള ഒരു വിശുദ്ധന്റെ തിരുന്നാളിന്റെ അന്ന് വ്യാഴാഴ്ച രാത്രി 8.30നാണ് ഈ അത്ഭുതം ഉണ്ടാകുക എന്നും പ്രവചിക്കപ്പെട്ടിരുന്നു. "രോഗികൾ സുഖം പ്രാപിക്കും, അവിശ്വാസികൾ വിശ്വാസത്തിലേക്കു വരും. പൈൻമരത്തിൽ സ്ഥിരമായ ഒരു അടയാളം ഉണ്ടാകും." അമ്മ തുടർന്നു. അത്ഭുതത്തിന്റെ ദിവസം 8 ദിവസം മുമ്പ് ജനങ്ങളെ അറിയിക്കണമെന്ന് പരിശുദ്ധ അമ്മ ആവശ്യപ്പെട്ടു. ദൈവത്തിൽനിന്നും, പരിശുദ്ധ അമ്മയിൽനിന്നും അവസാനമായി ലഭിക്കുന്ന അടയാളമായിരിക്കും, ആ വലിയ അത്ഭുതം എന്നും പരിശുദ്ധ അമ്മ പറഞ്ഞു.

## മുന്നറിയിപ്പ്

എല്ലാ ജനങ്ങൾക്കും കാണുന്ന വിധത്തിൽ അത്ഭുതത്തിനു മുമ്പ് ഒരു മുന്നറിയിപ്പ് ഉണ്ടാകുമെന്ന് പ്രവചിക്കപ്പെട്ടിരുന്നു. വിശ്വാസികളെന്നോ, അവിശ്വാസികളെന്നോ വ്യത്യാസം കൂടാതെ അതു കാണുക, അതിനെ തടയാൻ ആർക്കും പറ്റില്ല. നമ്മുടെ മനസ്സാക്ഷിക്കുള്ള ഒരു അറിയിപ്പായിരിക്കും അത്. നമ്മുടെ പാപങ്ങൾ ആ സമയം നമ്മുടെ കൺമുമ്പിൽ വരും.

ലോകത്തിന്റെ പാപം അത്രയധികം കാഠിന്യമേറുന്ന സമയത്താകും അത് ഉണ്ടാകുക എന്ന് ജസീന്തയോട് പരിശുദ്ധ അമ്മ പറഞ്ഞു. അത്ഭുതം നടക്കുന്നതിന് ഒരു വർഷം മുമ്പാണ് മുന്നറിയിപ്പുണ്ടാകുക എന്ന് മേരി ലോളിയ്ക്ക് വെളിപ്പെട്ടിരുന്നു.

## ശിക്ഷ

പരിശുദ്ധ അമ്മയുടെ സന്ദേശത്തിന് ചെവി കൊടുത്തില്ലെങ്കിൽ അത്ഭുതം നടന്നതിനുശേഷം വലിയ ശിക്ഷ ലോകത്തുണ്ടാകുമെന്ന് അറിയിപ്പുണ്ടായിരുന്നു. അതിനാൽ ദർശനം ലഭിച്ച കുട്ടികൾ പാപികൾക്കുവേണ്ടിയും വൈദികർക്കുവേണ്ടിയും പ്രത്യേകം പ്രാർത്ഥിച്ചിരുന്നു.

ശിക്ഷ വളരെ കഠോരമായിരിക്കുമെന്ന് കോൺജിത്ത പറയുകയുണ്ടായി. എല്ലാ കത്തോലിക്കരും കുമ്പസാരിക്കണം, എല്ലാവരും പാപങ്ങളെക്കുറിച്ച് മനസ്തപിക്കണം. കുട്ടികളോട് ഇതു പറയുമ്പോൾ അമ്മ വളരെ ദുഃഖിതയായിരുന്നു.

## ഒരു പുതിയ സന്ദേശം

1965 ജനുവരി 1ന് കൊൺജീത്തയ്ക്ക് ഒരു ദർശനം ഉണ്ടായി. ജൂൺ 18ന് ഒരു ദർശനം ഉണ്ടാകുമെന്ന് അന്ന് പരിശുദ്ധ അമ്മ അവളോടു പറഞ്ഞിരുന്നു.

സ്പെയിനിന്റെ പല ഭാഗങ്ങളിൽനിന്നും ഫ്രഞ്ചുകാർ, ജർമ്മൻകാർ, ഇംഗ്ലീഷുകാർ, ഇറ്റലിക്കാർ, അമേരിക്കക്കാർ, പോളണ്ടുകാർ ഇവരെല്ലാം അന്നും അവിടെ കൂടിയിരുന്നു. ദൂരദർശനിൽനിന്നുള്ളവരും, വാർത്താമാദ്ധ്യമങ്ങളിൽനിന്നുള്ളവരുമെല്ലാം ജൂൺ 18ന് അവിടെ തടിച്ചുകൂടി. കൊൺജിത്തക്ക് അന്ന് 16 മിനിറ്റോളം ദർശനം ഉണ്ടായി. മിഖായേൽ ദൂതൻ പ്രത്യക്ഷപ്പെട്ട് പരിശുദ്ധ അമ്മയുടെ സന്ദേശം കൊടുത്തു. ഒക്ടോബർ 18ലെ മിഖായേൽ മാലാഖയുടെ ദർശനം വിശ്വാസിക്കാത്തതുകൊണ്ടാണ് അവസാനമായി മാലാഖ ഒരു തവണ കൂടി വന്നിരിക്കുന്നത് എന്ന് മാലാഖ പറഞ്ഞു. നാം ആത്മാർത്ഥമായി ക്ഷമ ചോദിച്ചാൽ ദൈവം ക്ഷമിക്കും. കൂടുതൽ പ്രായശ്ചിത്ത പ്രവർത്തികൾ ചെയ്യണം. യേശുവിന്റെ പീഢാനുഭവങ്ങളെക്കുറിച്ച് എപ്പോഴും വിചിന്തനം ചെയ്യണം എന്നെല്ലാം മുഖ്യദൂതനായ മിഖായേൽ പറഞ്ഞു.

1961 ഒക്ടോബർ 18നുണ്ടായ പരിശുദ്ധ അമ്മയുടെ ദർശനത്തിന് വേണ്ടത്ര പ്രാധാന്യം നൽകാത്തതിൽ പരിശുദ്ധ അമ്മയ്ക്ക് വേദനയുണ്ടെന്ന് ഈ സന്ദേശത്തിൽനിന്നും അറിയാം. വി. കുർബ്ബാന നമ്മുടെ ആരാധനയുടെ കേന്ദ്രമാകണം.

## ഫാദർ ലൂയിസ് മാരി ആൻഡ്രൂ

കുട്ടികൾക്കു പുറമെ ഗാരന്താളിൽ പരിശുദ്ധ അമ്മയെ ദർശിച്ച ഏക വ്യക്തി 38 വയസ്സുള്ള സ്പെയിൻകാരനായ ഒരു പുരോഹിതനായിരുന്നു. പൈൻസിന്റെ അത്ഭുതം 1961 ആഗസ്റ്റ് 8ന് ഉണ്ടായപ്പോൾ ഈ പുരോഹിതൻ അവിടെ ഉണ്ടായിരുന്നു. അത്ഭുതം, അത്ഭുതം എന്ന് പറയാൻ ആവശ്യപ്പെടുന്നതായി അദ്ദേഹം കേട്ടു. പരിശുദ്ധ അമ്മ അദ്ദേഹത്തോടു പറഞ്ഞു. “നീ എത്രയും വേഗം എന്നോടുകൂടി ആകും.” ദർശനം ലഭിച്ച കുട്ടികൾ ഇത് കേട്ടു. ഒരു രോഗവുമില്ലാതിരുന്നിട്ടും പരിശുദ്ധ അമ്മ പറഞ്ഞതനുസരിച്ച് അദ്ദേഹം അന്ന് രാത്രിതന്നെ ഭാഗ്യനിദ്ര പ്രാപിച്ച് സ്വർഗ്ഗത്തിലേക്കു പോയി. വലിയ സന്തോഷത്തോടെയാണ് അദ്ദേഹം മരിച്ചത്.

അദ്ദേഹം അമ്മയെ പറ്റി വലിയ സന്തോഷത്തോടെ സംസാരിച്ചു. സ്വർഗ്ഗത്തിൽ എത്ര നല്ല ഒരു അമ്മയാണ് നമുക്കുള്ളത്. ആ കുട്ടികൾക്ക് കിട്ടിയ ദർശനങ്ങളത്രയും ശരിയാണ് എന്ന്, അദ്ദേഹം സാക്ഷ്യപ്പെടുത്തി. അദ്ദേഹത്തിന്റെ ജീവിതത്തിലെ ഏറ്റവും സന്തോഷകരമായ നിമിഷമാണ് അമ്മയുടെ ദർശനമെന്നും, തങ്ങൾക്ക് ഈ ദർശനം നൽകാൻ എന്തുകൊണ്ട് പരിശുദ്ധ അമ്മ തയ്യാറായി എന്നും അദ്ദേഹം ചോദിച്ചു. ഇത്രയും പറഞ്ഞ് തലകുമ്പിട്ട് പുരോഹിതൻ മരിച്ചു.

പരിശുദ്ധ അമ്മ, വൈദികരെ പ്രത്യേകം കരുതിയിരുന്നു. അവർ പുരോഹിതവേഷം ധരിക്കാതിരിക്കുമ്പോഴും അവരെ തിരിച്ചറിയാനുള്ള കഴിവ് ആ കുട്ടികൾക്ക് പരിശുദ്ധ അമ്മ നൽകിയിരുന്നു. പുരോഹിതർ മാലാഖമാരേക്കാൾ പ്രധാനപ്പെട്ടവരാണ്. കാരണം, പൗരോഹിത്യം സ്വീകരിക്കുന്നതിലൂടെ അപ്പവും വീഞ്ഞും യേശുവിന്റെ ശരീരരക്തങ്ങളാക്കി മാറ്റുവാൻ വി. കുർബ്ബാനയിൽ വൈദികർക്ക് സാധിക്കുന്നു. പുരോഹിതർക്കു വേണ്ടി പ്രാർത്ഥിക്കാൻ പരിശുദ്ധ അമ്മ നിഷ്കർഷിച്ചതും ഇതുകൊണ്ടുതന്നെയാണ്.

## അവസാന ദർശനം

1965 നവംബർ 3, ശനിയാഴ്ച ഗാരബന്താളിലെ അവസാന ദർശനം കൊൺജിത്തയ്ക്ക് ഉണ്ടായി.

അതിനു മുമ്പ് ഒരു ദിവസം പള്ളിയിൽ വെച്ച് ഇതിനെക്കുറിച്ച് അവൾക്ക് പരിശുദ്ധ അമ്മ മുന്നറിയിപ്പ് നൽകിയിരുന്നു. അവൾ വളരെ സന്തോഷത്തോടെ പരിശുദ്ധ അമ്മയേയും, കയ്യിലെ ഉണ്ണിയേശുവിനേയും കാണാൻ തിടുക്കത്തിൽ പോയി. അന്ന് മഴ ദിവസമായിരുന്നു. എന്നിട്ടും ദർശനം ഉണ്ടാകാറുള്ള പൈൻമരങ്ങളുടെ അടുത്തേക്ക് അവൾ കൈയിൽ കുറെയധികം കൊന്തയുമായി പോയി. അമ്മ അവളെ പേരു ചൊല്ലി വിളിച്ചു. തന്റെ കയ്യിലുള്ള കൊന്തകൾ ചുംബിച്ച് ആശിർവദിക്കണെ എന്ന് അമ്മയോടു അവൾ പ്രാർത്ഥിച്ചു. അവളുടെ വായിലുണ്ടായിരുന്ന മിഠായി പരിശുദ്ധ അമ്മ കാണുകയും, തന്റെ പുത്രനോടുള്ള സ്നേഹത്തെപ്രതി അത് ഉപേക്ഷിക്കാൻ പരിശുദ്ധ അമ്മ പറയുകയും, അവൾ അതു കളയുകയും ചെയ്തു. പരിശുദ്ധ അമ്മ പറഞ്ഞു - നിന്നോട് ഞാൻ നിനക്കു ഭൂമിയിൽ സഹിക്കേണ്ടി വരും എന്ന് പറഞ്ഞില്ലേ? ഞാൻ അത് വീണ്ടും ആവർത്തിക്കുന്നു. അപ്പോൾ അവൾ പറഞ്ഞു - ഇത്രയധികം കൃപ എന്നിൽ വർഷിച്ചിട്ടും ഞാൻ വേണ്ടത്ര സ്നേഹം നിന്നോട് തിരിച്ചു കാണിക്കുന്നില്ലല്ലോ. എനിക്ക് സഹനം വരുമ്പോഴേയ്ക്കും നീ എന്നെ സഹായിക്കാൻ വരുമല്ലോ എന്ന്. പരിശുദ്ധ അമ്മ പറഞ്ഞു. ഞാൻ നിനക്കു വേണ്ടി മാത്രമല്ല ഇതൊക്കെ ചെയ്യുന്നത്. എല്ലാ കുട്ടികൾക്കും വേണ്ടിയാണ് ഞാൻ ഇതെല്ലാം ചെയ്യുന്നത്. ഇതിനുശേഷം അമ്മ അവൾ കൊണ്ടുവന്ന സാധനങ്ങളെല്ലാം അമ്മയ്ക്കു തരുവാൻ പറഞ്ഞു. പരിശുദ്ധ അമ്മ അതെല്ലാം ചുംബിച്ചു തിരിച്ചുകൊടുത്തു. കൊൺജിത്ത ഒരു ക്രൂശിന്റെ രൂപം കൊണ്ടു പോയിരുന്നു. അമ്മ അത് ചുംബിച്ചിട്ട് തന്റെ കയ്യിലിരിക്കുന്ന യേശുവിന്റെ കയ്യിൽ കൊടുക്കാൻ പറഞ്ഞു. അവൾ അമ്മയോടു പറഞ്ഞു. ഈ കുരിശ് അവൾ മഠത്തിൽ പോകുമ്പോൾ കൊണ്ടുപോകാനുള്ളതാണ്. പരിശുദ്ധ അമ്മ ചുംബിച്ച കൊന്തകളെല്ലാം ഉടമസ്ഥർക്ക് തിരിച്ചു കൊടുത്തു.

അതിനുശേഷം മറ്റുള്ളവർ ആവശ്യപ്പെട്ട പ്രാർത്ഥനകൾ, സഹായങ്ങൾ എല്ലാം തന്നോടു പറയാൻ പരിശുദ്ധ അമ്മ ആവശ്യപ്പെട്ടു. ജൂൺ 18ന് താൻ വ്യക്തിപരമായി പ്രത്യക്ഷപ്പെടാതിരുന്നതിന്റെ കാരണം അമ്മ പറഞ്ഞു. "ഞാൻ വരാതെ മാലാഖയെ വിട്ടത് എനിക്ക് അതു പറയാൻ തന്നെ വേദനയാണ്, എന്നാൽ അറിയിക്കാതിരിക്കാനും വയ്യ, അതുകൊണ്ടാണ്. നീ എന്റെ ആഗ്രഹങ്ങളെല്ലാം സാധിപ്പിച്ച് തരണം. നീ സ്വർഗ്ഗം പ്രാപിക്കണമെങ്കിൽ മാലാഖ പറഞ്ഞ കാര്യങ്ങളെല്ലാം പ്രത്യേകിച്ച് പ്രായശ്ചിത്ത പ്രവർത്തികൾ ചെയ്യണം." എന്നും, പരിശുദ്ധ അമ്മ പറഞ്ഞു. "പിതാവായ ദൈവത്തിന്റേയും പുത്രനായ ദൈവത്തിന്റേയും പരിശുദ്ധ ആത്മാവിന്റേയും സാന്നിദ്ധ്യം സ്വർഗ്ഗത്തിൽ നിനക്കു കിട്ടും." എന്തുകൊണ്ടാണ് മടിപിടിച്ച് വി. കുർബ്ബാനയ്ക്ക് പോകാത്തതെന്നും, രാവും പകലും നിന്നെ കാത്ത് യേശു അവിടെ ഉണ്ടെന്ന് അറിയില്ലേ എന്നും അമ്മ ചോദിച്ചു.

ദർശന സമയം മഴയായിരുന്നെങ്കിലും കൊൺജിത്ത അത് അറിഞ്ഞതേ ഇല്ല. എന്നാൽ ദർശനം കഴിഞ്ഞപ്പോഴാണ് താൻ നനഞ്ഞിരിക്കുന്നു എന്ന് അവൾക്കു മനസ്സിലായത്. ദർശനത്തിനൊടുവിൽ അവൾ പരിശുദ്ധ അമ്മയോടു പറഞ്ഞു. എനിക്ക് നിന്നെ കണ്ടപ്പോൾ എന്തു സന്തോഷമായെന്നോ. എന്നെയും കൂടി നിനക്കു കൊണ്ടുപോയ്ക്കൂടേ" എന്ന്. പരിശുദ്ധ അമ്മ പറഞ്ഞു. "ഇപ്പോൾ നിന്റെ കൈയിൽ ഒന്നുമില്ല. പരിശുദ്ധ അമ്മ മുമ്പ് പറഞ്ഞതനുസരിച്ച് നല്ല പ്രവൃത്തികൾ ചെയ്യുകയും, സഹോദരന്മാരെ സഹായിക്കുകയും, ദൈവനാമ മഹത്വത്തിനുവേണ്ടി പ്രവർത്തിക്കുകയും ചെയ്തു കഴിയുമ്പോൾ മാത്രമെ നിന്നെ കൊണ്ടുപോകാൻ കഴിയൂ." അമ്മ പറഞ്ഞു. ദൈവം നമ്മെ നിരാശപ്പെടുത്താനല്ല ശിക്ഷണങ്ങൾ തരുന്നത്, മറിച്ച് സ്വർഗ്ഗത്തിൽ പോകാൻ നമ്മെ സഹായിക്കാനാണ്.